സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നം. 132/2005/ഉ.വി.വ. പ്രകാരം നിലവിൽ വന്ന സർവീസ് ചട്ടവും അനുബന്ധ ഉത്തരവുകളും പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. അതിനാൽ സൂചനയിലെ ഉത്തരവ് പ്രസ്തുത നിയമന നടപടികൾക്ക് ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

## കേരളാ സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ കരാർ ജീവനക്കാർ

**109 (4502)** ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് സയൻസ് & ടെക്നോളജി മ്യൂസിയത്തിലെ തൂപ്പ് ജോലിക്കും ഗാർഡൻ ജോലിക്കും കരാർ വ്യവസ്ഥയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട് ; ഓരോന്നിലും എത്രവീതം ;

(ബി) ഇവരുടെ ശമ്പളത്തിൽനിന്നും ഇ.പി.എഫ്. തുക പിടിക്കുന്നുണ്ടോ ; എത്രവർഷമായി പിടിക്കുന്നുണ്ട് എന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക പ്രസ്തുത ജീവനക്കാരുടെ പേരിൽ ഇ.പി.എഫ്. അക്കൗണ്ടിലാണോ അടച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ജീവനക്കാരുടെ പേരിൽ അക്കൗണ്ട് തുടങ്ങുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) തൂപ്പുജോലിക്ക് 15 പേരെ കരാർ അടിസ്ഥാനത്തിൽ നിയമച്ചിട്ടുണ്ട്. ഗാർഡൻ ജോലിക്ക് സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (SIMC) നിന്നും 4 ട്രെയിനികളേയും 2 കെയർടേക്കർമാരേയും നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഗാർഡൻ ജോലിക്കാരുടെ ഇ.പി.എഫ്. 14-5-2008 മുതലും തൂപ്പു ജോലിക്കാരുടെ ഇ.പി.എഫ്. 1-09-2008 മുതലും പിടിക്കുന്നുണ്ട്.

(സി) അതെ (ഇ.പി.എഫ്. അക്കൗണ്ട് നമ്പർ കെ.ആർ/22772-ൽ അടച്ചു വരുന്നു.

(ഡി) അക്കൗണ്ട് തുടങ്ങുന്ന കാര്യത്തിൽ വീഴ്ച വരുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly